# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.09.2025** **TIME: 07.25 AM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യ - യുക്രെയ്ൻ സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ചർച്ചയായി.

   **Prime Minister Narendra Modi held a telephone conversation with French President Emmanuel Macron; discussed efforts to end Russia-Ukraine conflict.**

2. പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ സഹകരണ മേഖലയെ ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാർ.

   **New-generation GST reforms will strengthen the cooperative sector, says Central Government.**

3. ഇന്ന് ശ്രീനാരായണഗുരു ജയന്തി. 171–ാമത് ജയന്തി ആഘോഷങ്ങളുടെ സമാപന ചടങ്ങ് ശിവഗിരിയിൽ ഗവർണറും ചെമ്പഴന്തിയിൽ മുഖ്യമന്ത്രിയും ഉദ്ഘാടനം ചെയ്യും.

   **Sree Narayana Guru Jayanthi Today; Governor to Inaugurate Closing Ceremony of 171st Jayanthi Celebrations at Sivagiri, CM at Chempazhanthy.**

4. പടിഞ്ഞാറൻ രാജസ്ഥാനിലും ഗുജറാത്തിലും ഇന്ന് ശക്തമായ മഴക്ക് സാധ്യത; ഉത്തരാഖണ്ഡിൽ കനത്ത മഴയിൽ വൻ നാശനഷ്ടം.

**Heavy Rain Likely in Western Rajasthan and Gujarat Today; Severe Damage Reported in Uttarakhand Due to Downpour.**

5. **യുഎസ് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം നിലനിർത്തി ലോക ഒന്നാം നമ്പർ താരം ആര്യാന സബലങ്ക. പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് യാനിക് സിന്നർ - കാർലോസ് അൽകാരസിനെ നേരിടും.**

**World No. 1 Aryna Sabalenka Retains US Open Women's Singles Title; Jannik Sinner to Face Carlos Alcaraz in Men's Singles Final Today.**

**&&&&&&&&&&&&&**

## HEADLINE 1

## PM -FRANCE PREZ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയുമായി ടെലിഫോൺ സംഭാഷണം നടത്തി. വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിലെ പുരോഗതി ഇരുനേതാക്കളും അവലോകനം ചെയ്തു. റഷ്യ - യുക്രെൻ സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും ഇരുനേതാക്കളും ചർച്ച ചെയ്തു.

**&&&&&&&&&&&&&**

## REV. NIRMALA - GST

ജിഎസ്ടി ആനുകൂല്യങ്ങൾ പൗരന്മാർക്ക് കൃത്യമായി ലഭ്യമാക്കുന്നുണ്ട് എന്നത് നേരിട്ട് ഉറപ്പ് വരുത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. രാജ്യത്തുടനീളമുള്ള ആളുകൾ ജിഎസ്ടി പരിഷ്കാരങ്ങളെ സ്വാഗതം ചെയ്തതായി കേന്ദ്ര ധനമന്ത്രി ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ, പറഞ്ഞു. ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെങ്കിൽ അറിയിക്കണമെന്നും അവർ ജനങ്ങളോട് അഭ്യർത്ഥിച്ചു.

**&&&&&&&&&&&&&**

## HEADLINE 2

## GST - COOPERATION MINISTRY

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ സഹകരണ മേഖലയെ ശക്തിപ്പെടുത്തുമെന്നും സഹകരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുമെന്നും കേന്ദ്ര സർക്കാർ. ഗ്രാമീണ സംരംഭകത്വം വളർത്താനും, ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ താങ്ങാനാവുന്ന വിലയിൽ ലഭ്യമാക്കാനും ജിഎസ്ടി പരിഷ്കാരങ്ങൾ സഹായകരമാകുമെന്ന് കേന്ദ്രസഹകരണ മന്ത്രാലയം അറിയിച്ചു. ജിഎസ്ടി നിരക്കിലെ മാറ്റങ്ങൾ രാജ്യത്തെ 10 കോടിയിലധികം ക്ഷീരകർഷകർക്ക് ഗുണം ചെയ്യുന്നതിനൊപ്പം സുസ്ഥിരമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതാണെന്നും മന്ത്രാലയം വ്യക്തമാക്കി.

**&&&&&&&&&&&&&&**

## SHIVRAJ - GST FARMERS- INTRO

പുതുതായി അവതരിപ്പിച്ച ജിഎസ്ടി നിരക്കുകൾ കാർഷിക മേഖലയിൽ മികച്ച സ്വാധീനം ചെലുത്തുമെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കാർഷിക ഉപകരണങ്ങളുടെ ജിഎസ്ടി നിരക്കുകൾ കുറയുന്നത് കൃഷിച്ചെലവ് കുറയ്ക്കുകയും അതുവഴി കർഷകരുടെ ലാഭം വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് അദ്ദേഹം ഭോപ്പാലിൽ പത്രസമ്മേളനത്തിൽ പറഞ്ഞു. ജൈവ കീടനാശിനികളുടെയും സൂക്ഷ്മ പോഷകങ്ങളുടെയും ജിഎസ്ടിയിലെ കുറവ് ജൈവ വളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുമെന്നും കേന്ദ്ര കൃഷി മന്ത്രി വ്യക്തമാക്കി.

**( ഹോൾഡ് വോയിസ്.... )**

**&&&&&&&&&&&&&&**

## AIR CHIEF - OPERATION SINDOOR

കൃത്യതയോടെ അതിവേഗം പ്രത്യാക്രമണം നടത്താനുള്ള ഇന്ത്യയുടെ മികവ് തെളിയിക്കുന്നതായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് വ്യോമസേനാ മേധാവി എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ്. ചെന്നൈയിലെ ഓഫീസേഴ്സ്

ട്രെയിനിംഗ് അക്കാദമിയിൽ പാസിംഗ് ഔട്ട് പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സേനയിൽ പുതുതായി നിയമിതരായ ഉദ്യോഗസ്ഥരോട് രാഷ്ട്രസേവനത്തിനായി ഒരുമിച്ച് പ്രവർത്തിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

&&&&&&&&&&&&

## HEADLINE 3

## SRI NARAYANA GURU JAYANTHI

ഇന്ന് ശ്രീ നാരായണഗുരു ജയന്തി. ശ്രീനാരായണ ഗുരുവിന്റെ 171–ാമത് ജയന്തി ആഘോഷങ്ങൾക്ക് ഇന്ന് സമാപനമാകും. ശിവഗിരിയിൽ രാവിലെ 9.30 ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും ചെമ്പഴന്തി ഗുരുകുലത്തിൽ വൈകുന്നേരം 6 .30 ന് മുഖ്യമന്ത്രി പിണറായി വിജയനും ഉദ്ഘാടനം നിർവഹിക്കും. ഇതോട് അനുബന്ധിച്ച് നടക്കുന്ന വിവിധ പരിപാടികളിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, മന്ത്രിമാരായ വി ശിവൻകുട്ടി, പി പ്രസാദ് തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&

## SABARIMALA

ചതയദിനമായ ഇന്ന് രാത്രി 8.58 മുതൽ പൂർണ്ണ ചന്ദ്രഗ്രഹണം ആരംഭിക്കുന്നതിനാൽ ശബരിമലയിൽ ഉച്ചയ്ക്ക് ശേഷമുള്ള ചടങ്ങുകളുടെ സമയ ക്രമത്തിൽ മാറ്റം. വൈകിട്ട് നാലിന് തുറക്കുന്ന നട രാത്രി 8.30ന് അടയ്ക്കും.

&&&&&&&&&&&&

## PULIKALI

ഓണാഘോഷങ്ങൾക്ക് മാറ്റ്കൂട്ടാൻ നാളെ തൃശ്ശൂരിൽ പുലികളി നടക്കും. പുലികളി മഹോത്സവത്തോട് അനുബന്ധിച്ച് നാളെ ഉച്ചയ്ക്ക് ശേഷം തൃശ്ശൂർ താലൂക്ക് പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും അവധി ബാധകമാണ്.

**&&&&&&&&&&&&&**

## PAYIPAD BOAT RACE

പ്രസിദ്ധമായ പായിപ്പാട് ജലോത്സവം ഇന്ന്. ഉച്ചയ്ക്ക് നടക്കുന്ന പൊതുസമ്മേളനം കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&**

## AMOEBIC

കേരളത്തിൽ ഇന്നലെ ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്തു. രോഗലക്ഷണങ്ങളോടെ മലപ്പുറം തിരുവാലി സ്വദേശിനിയെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. നിലവിൽ 11 പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്.

**&&&&&&&&&&&&&**

## REV. PM-GUYANA PREZ

പ്രാദേശിക - പൊതുതെരഞ്ഞെടുപ്പുകളിൽ ഉജ്ജ്വല വിജയം നേടിയ ഗയാന പ്രസിഡന്റ് ഇർഫാൻ അലിയെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും ഗയാനയും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുമായുള്ള സൗഹൃദം ശക്തമാക്കാൻ താത്പര്യപ്പെടുന്നതായി പ്രസിഡന്റ് അലി പ്രതികരിച്ചു.

**&&&&&&&&&&&&&**

## HEADLINE 4

## IMD WEATHER

പടിഞ്ഞാറൻ രാജസ്ഥാനിലും ഗുജറാത്തിലും ഇന്ന് ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നിർദ്ദേശം നൽകി. കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. ഉത്തരാഖണ്ഡ്, ഒഡീഷ,

പശ്ചിമ ബംഗാൾ, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലും കാലാവസ്ഥാ വകുപ്പ് മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&

**UTTARAKHAND-RAINS**

ഉത്തരാഖണ്ഡിലെ ഉത്തരകാശി ജില്ലയിൽ കനത്ത മഴയിൽ വൻ നാശനഷ്ടം. നൗഗാവ് നദി കരകവിഞ്ഞൊഴുകിയതോടെ നിരവധി വീടുകളിൽ വെള്ളം കയറി. റോഡിൽ നിർത്തിയിട്ടിരുന്ന വാഹനങ്ങൾ ഒലിച്ചുപോയി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്താൻ മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകി.

&&&&&&&&&&&&&

**PUNJAB-FLOOD**

പഞ്ചാബിലെ പ്രളയ സാഹചര്യത്തിന് നേരിയ ശമനം. 14 ജില്ലകളിലായി മഴക്കെടുതിയിൽ 46 പേരാണ് മരിച്ചത്. ആകെ 13,000 കോടിയിലധികം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതാണ് പഞ്ചാബ് സർക്കാറിന്റെ വിലയിരുത്തൽ. വെള്ളപ്പൊക്ക ദുരിതം നേരിടുന്ന പഞ്ചാബിന് ഡൽഹി സർക്കാർ അഞ്ച് കോടി രൂപ സഹായം പ്രഖ്യാപിച്ചു.

&&&&&&&&&&&&&

**IAF - RESCUE MISSION**

ജമ്മു കശ്മീരിലെയും ഹിമാചൽ പ്രദേശിലെയും മണ്ണിടിച്ചിൽ ബാധിത പ്രദേശങ്ങളിൽ വ്യോമസേനയുടെ രക്ഷാപ്രവർത്തനം ഊർജ്ജിതം. ഹിമാചൽ പ്രദേശിൽ, 17 മണിക്കൂർ നീണ്ടുനിന്ന ദൗത്യത്തിലൂടെ 540 പേരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി. ജമ്മു കശ്മീരിലെ ഉധംപൂരിൽ ദുരിത ബാധിതർക്കായി 5.9 ടൺ ഭക്ഷ്യവസ്തുക്കൾ എത്തിച്ചതായി വ്യോമസേന സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&

**INDIA- US - INTRO**

അമേരിക്കയുമായുള്ള ഇന്ത്യയുടെ പങ്കാളിത്തത്തിന് രാജ്യം വലിയ പ്രാധാന്യമാണ് നൽകുന്നതെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് എന്നും ഊഷ്മളമായ സൗഹൃദമാണുള്ളതെന്നും വിദേശകാര്യ മന്ത്രി പറഞ്ഞു. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള പങ്കാളിത്തത്തെക്കുറിച്ച് ആശങ്ക വേണ്ടെന്ന് പ്രസിഡന്റ് ട്രംപ് നേരത്തെ വ്യക്തമാക്കിയിരുന്നു.

( വോയിസ്.... )

&&&&&&&&&&&&&

**HEADLINE 5**

## US OPEN

യുഎസ് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം നിലനിർത്തി ലോക ഒന്നാം നമ്പർ താരം ആര്യാന സബലങ്ക. യു.എസിന്റെ അമാൻഡ അനിസിമോവയെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപ്പിച്ചാണ് ബെലറൂസിന്റെ സബലെങ്ക യുഎസ് ഓപ്പൺ കിരീടം നേടിയത്. ഇതോടെ സബലെങ്ക തന്റെ നാലാമത്തെ ഗ്രാൻഡ്സ്ലാം ഉറപ്പിച്ചു. ബ്രിട്ടീഷ് ജോഡികളെ പരാജയപ്പെടുത്തി ഗ്രാനോളേഴ്സ് - സെബല്ലോസ് എന്നിവരുടെ സ്പാനിഷ്-അർജന്റീന സഖ്യം പുരുഷ ഡബിൾസ് കിരീടം സ്വന്തമാക്കി. പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് ഇറ്റലിയുടെ യാനിക് സിന്നർ സ്പെയിനിന്റെ കാർലോസ് അൽകാരസിനെ നേരിടും.

&&&&&&&&&&&&&

## ASIA CUP HOCKEY

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പിലെ അവസാന സൂപ്പർ ഫോർ മത്സരത്തിൽ ചൈനയെ 7 -0 ത്തിനു തകർത്ത് ഇന്ത്യ ഫൈനലിൽ. ഇന്ന് വൈകുന്നേരം 7.30 ന് നടക്കുന്ന ഫൈനലിൽ ദക്ഷിണ കൊറിയയാണ് ഇന്ത്യയുടെ

എതിരാളി. മലേഷ്യയെ പരാജയപ്പെടുത്തിയായാണ് ദക്ഷിണ കൊറിയ ഫൈനലിൽ കടന്നത്.

&&&&&&&&&&&&&

## WORLD BOXING

ഇംഗ്ലണ്ടിലെ ലിവർപൂളിൽ നടക്കുന്ന ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 51 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ നിഖത് സറീന് ആദ്യ റൌണ്ട് ജയം. പരിക്കുമൂലം കഴിഞ്ഞ വർഷം മത്സരങ്ങളിൽ പങ്കെടുക്കാതിരുന്ന നിഖത് സറീൻ അമേരിക്കൻ താരത്തെ പരാജയപ്പെടുത്തിയാണ് നിർണായക തിരിച്ചു വരവ് നടത്തിയത്.

&&&&&&&&&&&&&

## ISRAEL-GAZA-ATTACK

ഗസയിൽ ജനവാസമേഖലയിൽ ബഹുനില കെട്ടിടം തകർത്ത് ഇസ്രായേൽ ആക്രമണം. ഹമാസ് ഉപയോഗിച്ചിരുന്ന കെട്ടിടമാണ് തകർത്തതെന്ന് ഇസ്രായേലി പ്രതിരോധ സേന വ്യക്തമാക്കി. എന്നാൽ പ്രസ്താവന പലസ്തീൻ നിഷേധിച്ചു.

&&&&&&&&&&&&&

## RAILWAYS

ജമ്മു കശ്മീരിലെ ശ്രീ മാതാ വൈഷ്ണോ ദേവി കത്ര സ്റ്റേഷനും സങ്കൽദാൻ സ്റ്റേഷനും ഇടയിൽ ലോക്കൽ പാസഞ്ചർ ട്രെയിൻ സർവീസ് നടത്തുമെന്ന് ഉത്തര റെയിൽവേ. നാളെ മുതൽ അഞ്ച് ദിവസത്തേക്കാണ് സർവീസ്. തുടർച്ചയായ മഴയും റിയാസി, റംബാൻ ജില്ലകളിലെ വെള്ളപ്പൊക്കവും കാരണം കുടുങ്ങിക്കിടക്കുന്ന യാത്രക്കാർക്ക് ഇത് സഹായകമാകും.

&&&&&&&&&&&&&

## GANPATI VISARJAN

പത്ത് ദിവസത്തെ ഗണേശോത്സവത്തിന് സമാപനം. മുംബൈയിൽ ഇന്നലെ 7,400-ലധികം ഗൗരി, ഗണേശ വിഗ്രഹങ്ങൾ നിമജ്ജനം ചെയ്തു. നിമജ്ജനത്തോട്

അനുബന്ധിച്ച് നടന്ന ഘോഷയാത്രയിൽ ലക്ഷക്കണക്കിന് ഭക്തർ പങ്കെടുത്തു.

**&&&&&&&&&&&&&**

## SHILPA SHETTY CHEATING CASE

സാമ്പത്തിക തട്ടിപ്പ് കേസിൽ ബോളിവുഡ് നടി ശിൽപ ഷെട്ടിക്കും ഭർത്താവ് രാജ് കുന്ദ്രയ്ക്കുമെതിരെ മുംബൈ പോലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗം ലുക്ക് ഔട്ട് നോട്ടിസ് പുറപ്പെടുവിച്ചു. വായ്പ-നിക്ഷേപ ഇടപാടുമായി ബന്ധപ്പെട്ട് 60 കോടി രൂപ തട്ടിയെടുത്തെന്നാണ് കേസ്.

**&&&&&&&&&&&&&**

## VEENA GEORGE

കേരളത്തിലെ ശിശു മരണനിരക്ക് അമേരിക്കയുടേതിനേക്കാൾ കുറഞ്ഞതായി സ്ഥിതിവിവര കണക്ക്. സംസ്ഥാനത്തെ ശിശുമരണനിരക്ക് 5 ആണെന്ന ഏറ്റവും പുതിയ സാമ്പിൾ രജിസ്ട്രേഷൻ സംവിധാനത്തിന്റെ റിപ്പോർട്ടാണ് പുറത്തുവന്നത്. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ശിശുമരണനിരക്കാണിത്. 25 ആണ് ദേശീയ ശരാശരി.

**&&&&&&&&&&&&&**

**&&&&&&&&&**

**&&&**